2 (911) പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ കേന്ദ്രമായി പ്രവർത്തിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ഈ വർഷം നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

(ബി) പാവപ്പെട്ടവർക്ക് സ്വയംകൃഷി ചെയ്യുന്നതിനായി ഭൂമി നൽകുന്ന പദ്ധതി പ്രകാരം എത്രപേർക്ക് ഭൂമി നൽകിയിട്ടുണ്ട്; ഇതിന്റെ ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ;

(സി) ഇതിനുള്ള അപേക്ഷകളിൽനിന്ന് അർഹരായവരെ തെരഞ്ഞെടുക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഡി) കോർപ്പറേഷൻ അടുത്ത വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സാമൂഹ്യവും സാമ്പത്തികവുമായി പിന്നോക്കം നിൽക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് സ്വയംതൊഴിലിലൂടെ സ്വാശ്രയത്വം നേടിക്കൊടുക്കുകയാണ് കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ മുഖ്യലക്ഷ്യം. ഇതിനായി കോർപ്പറേഷൻ നേരിട്ടു സാമ്പത്തികസഹായം നൽകുന്ന പദ്ധതികളും കേന്ദ്ര സംസ്ഥാന സർക്കാരുകൾ ഹഡ്കോ, പട്ടികജാതി-പട്ടികവർഗ്ഗ ധനകാര്യ വികസന കോർപ്പറേഷൻ, വിവിധ ബാങ്കുകൾ എന്നിവയുടെ സഹായത്തോടെ നടപ്പിലാക്കി വരുന്ന പദ്ധതികളും ഉണ്ട്. 1999-2000 വർഷത്തേയ്ക്ക് വിവിധ സ്വയംതൊഴിൽ പദ്ധതികളും ഭവന നിർമ്മാണ വായ്പാ പദ്ധതിയും ട്രെയിനിംഗ് പദ്ധതിയും കൃഷിഭൂമി വായ്പാ പദ്ധതിയും നടപ്പിലാക്കി വരുന്നു.

(ബി) കൃഷിഭൂമി വാങ്ങുന്നതിന് 176 പേർക്ക് വായ്പ നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം-1 ൽ ചേർത്തിരിക്കുന്നു.+

(സി) ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് ചെയർമാൻ, മാനേജിംഗ് ഡയറക്ടർ, ബോർഡ് മെമ്പർ ഉൾപ്പെടുന്ന ഒരു കമ്മിറ്റിയുടെ നേതൃത്വത്തിൽ ഇന്റർവ്യൂ നടത്തി താഴെപ്പറയുന്ന മാനദണ്ഡങ്ങൾ തെരഞ്ഞെടുക്കുന്നു.

അപേക്ഷകർ ചുരുങ്ങിയത് 50 സെന്റ് ഭൂമിയെങ്കിലും വാങ്ങിയിരിക്കണം. അപേക്ഷകരുടെ പ്രായം 21 നും 65 നും ഇടയിൽ ആയിരിക്കണം. ഭൂരഹിത കർഷക തൊഴിലാളികൾക്കും വിധവകൾക്കും ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ട വനിതകൾക്കും കുടുംബനാഥന്മാരായിട്ടുള്ളവർക്കും മുൻഗണന നൽകുന്നതാണ്. വാർഷിക വരുമാനം 20,000/- രൂപയിൽ കവിയാൻ പാടില്ല. കേരളത്തിലെ പട്ടികജാതിയിൽപ്പെട്ടവർക്കാണ് ഈ വായ്പ നൽകുന്നത്. പഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾക്ക്

---

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

25 സെന്റിലും മുനിസിപ്പൽ പ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് 10 സെന്റിലും കോർപ്പറേഷൻ പ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് 5 സെന്റിലും കൂടുതൽ താമസത്തിന് ഉപയോഗിക്കുന്ന ഭൂമിയോ കൃഷിഭൂമിയോ സ്വന്തമായി ഉണ്ടാകരുത്. മുൻപ് കോർപ്പറേഷന്റെ കൃഷിഭൂമി വായ്പ ലഭിച്ചവർക്ക് വായ്പ അനുവദിക്കുന്നതല്ല.

(ഡി) പെൺകുട്ടികൾക്ക് വിവാഹം കഴിക്കുവാൻ വായ്പ നൽകുന്ന പദ്ധതി, ചെറുകിട ഇടത്തരം വരുമാനക്കാർക്കുള്ള ഭവന പദ്ധതി, കേരളത്തിലും മറ്റു സംസ്ഥാനങ്ങളിലും പ്രൊഫഷണൽ കോഴ്സുകളുടെ പി.ജി. തലത്തിൽ.....പഠനം നൽകുവാൻ വായ്പ നൽകുന്ന പദ്ധതി എന്നിവ നടപ്പിലാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. അടുത്തവർഷം നടപ്പിലാക്കേണ്ട പുതിയ പദ്ധതികൾക്ക് 2000 മാർച്ച് അവസാനത്തോടെ മാത്രമേ അവസാന രൂപം ആകൂ.

**3 (912) പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ നൽകുന്ന ധനസഹായം**

ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ വഴി എന്തെല്ലാം ധനസഹായങ്ങളാണ് നൽകി വരുന്നത് എന്ന് വിശദീകരിക്കുമോ;

(ബി) പരമാവധി ധനസഹായത്തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) ഇതു വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സ്വയംതൊഴിൽ സംരംഭങ്ങൾക്കുള്ള വായ്പ, ഭവന നിർമ്മാണ വായ്പ, വിദേശത്തു തൊഴിൽ തേടുന്നതിനുള്ള വായ്പ, നിർദ്ധന കുടുംബങ്ങളിലെ പെൺകുട്ടികളുടെ വിവാഹത്തിനുള്ള വായ്പ, വിദ്യാർത്ഥികൾക്കുള്ള കമ്പ്യൂട്ടർ വായ്പ, വീട് വയ്ക്കാൻ സ്ഥലം വാങ്ങുന്നതിനുള്ള വായ്പ എന്നീ വായ്പകളാണ് ഇപ്പോൾ നൽകി വരുന്നത്.

(ബി) പരമാവധി ധനസഹായതുക 5 ലക്ഷം രൂപയാണ്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

**4 (913) തീവ്രസങ്കേത വികസന പദ്ധതി**

ശ്രീമതി ശോഭനാ ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ നാളിതുവരെ ഏതെല്ലാം കോളനികൾ തീവ്രസങ്കേത വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്;

(ബി) പ്രസ്തുത ഓരോ കോളനിയിലും ഏതെല്ലാം വകുപ്പുകൾ വികസന പ്രവർത്തനങ്ങൾ നടത്തി എന്നും, ഓരോ വകുപ്പും എത്ര രൂപ വീതം ചെലവഴിച്ചു എന്നും വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly